കേരള സർക്കാർ

<u>സംഗ്രഹം</u>

സഹകരണ വകുപ്പ് - മിനിമം സപ്പോർട്ട് പ്രൈസ് പ്രകാരം 2010 സീസണിൽ സഹകരണസംഘങ്ങൾ മുഖേന പച്ചത്തേങ്ങ/കൊപ്ര സംഭരണം നടത്തുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

സഹകരണ (എ) വകുപ്പ്

സ.ഉ. (സാധാ) നം :713/09/ സഹ.            തീയതി, തിരുവനന്തപുരം,30-12-2009.

---

പരാമർശം:- 1. കേന്ദ്ര കൃഷി/സഹകരണ വകുപ്പിൻെറ 6-3-2009-ലെ എഫ്.നം.18-6/2008-C.C.E.S നമ്പർ കത്ത്.

2. 15-12-2009-ന് തിരുവനന്തപുരത്തു വച്ച് സഹകരണ, കയർ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതല യോഗ തീരുമാനങ്ങൾ

3. 26-12-2009-ന് സഹകരണ, കയർ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗങ്ങളുടെയും ഉന്നതതല കമ്മറ്റിയുടെയും തീരുമാനങ്ങൾ.

<u>ഉത്തരവ്</u>

പരാമർശം (1)ലെ കത്ത് പ്രകാരം, 2009 സീസണിൽ മില്ലിംഗ് കൊപ്രയ്ക്ക് ക്വിൻറലിന് 4450/- രൂപയും, ഉണ്ട കൊപ്ര(ബാൾ കൊപ്ര)യ്ക്ക് ക്വിൻറലിന് 4700/- രൂപയും, കൊപ്രയ്ക്ക് തറവില നിശ്ചയിച്ച് ഉത്തരവായതനുസരിച്ച് കേരളത്തിൽ കൊപ്ര സംഭരണം നടത്തുന്നതിനായി നാഫെഡിൻെറ നോഡൽ ഏജൻസികളായി കേരള കേര കർഷക സഹകരണ ഫെഡറേഷൻ(കേരഫെഡ്), കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ(മാർക്കറ്റ്ഫെഡ്) എന്നിവയെ തെരഞ്ഞെടുക്കുകയും, കൊപ്രാ സംഭരണം നടത്തുകയും ചെയ്തുവെങ്കിലും, കർഷകരിൽ നിന്നും പൂർണ്ണമായും കൊപ്ര സംഭരിയ്ക്കുന്നതിന് സഹകരണ വകുപ്പിൻെറ നിയന്ത്രണത്തിലുള്ള 'മാർക്കറ്റ് ഫെഡി'ൻെറയും 'കേരഫെഡി'ൻെറയും പ്രാഥമിക സഹകരണ സംഘങ്ങളുടെയും നിലവിലുണ്ടായിരുന്ന സംവിധാനം അപര്യാപ്തമാണെന്ന് അനുഭവത്തിൽ ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ 15-12-2009-ന് സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 'നാഫെഡ് ' മാനേജിംഗ് ഡയറക്ടറുടെയും, സഹകരണസംഘം രജിസ്ട്രാറുടെയും സാന്നിദ്ധ്യത്തിൽ കേരഫെഡ്, മാർക്കറ്റ്ഫെഡ് ചെയർമാൻമാർ/മാനേജിംഗ് ഡയറക്ടർമാർ, തെരഞ്ഞെടുക്കപ്പെട്ട സംഘം പ്രതിനിധികൾ എന്നിവരുടെ യോഗത്തിൽ കൊപ്ര സംഭരണം ഫലപ്രദമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയുണ്ടായി.

സംസ്ഥാനത്ത് ചെറുകിട കേരകർഷകർ കൂടുതലായും, കൊപ്രയാക്കി വിൽക്കുന്നതിനേക്കാളുപരി, പച്ച നാളികേരമായി വിൽക്കുന്നതിനാണ് താൽപ്പര്യപ്പെടുന്നതെന്നും, ആയതിനാൽ പച്ചത്തേങ്ങയുടെ സംഭരണം കൂടി സംഘങ്ങൾ മുഖേന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. സൂചന(3) പ്രകാരം, തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗത്തിലെ തീരുമാന പ്രകാരം പരമാവധി കൊപ്ര സംഭരിക്കുന്നതോടൊപ്പം, പച്ചത്തേങ്ങയും കർഷകരിൽ നിന്ന് സംഭരിക്കാനും, സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രാഥമിക സംഘങ്ങളും, ജില്ലാ തല നോഡൽ ഏജൻസിയായി സഹകരണസംഘം രജിസ്ട്രാർ തെരഞ്ഞെടുക്കുന്ന സംഘങ്ങളും പച്ചത്തേങ്ങയും കൊപ്രയും സംഭരിക്കുകയും, ചെയ്യണമെന്നും തീരുമാനിക്കുകയുണ്ടായി.

മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 2010 ജനുവരി മുതൽ കൊപ്രാ സംഭരണം നടത്തുന്നതിന് ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

1. കൊപ്ര സംഭരണത്തിനായി, സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ(മാർക്കറ്റ്ഫെഡ്) കേരള കേര കർഷക ഫെഡറേഷൻ(കേരഫെഡ്), കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ(കൺസ്യൂമർഫെഡ്) എന്നിവരെ സംസ്ഥാനതല നോഡൽ ഏജൻസികളായി ചുമതലപ്പെടുത്തുന്നു.
2. 2010 വർഷത്തിൽ മേൽ നോഡൽ ഏജൻസികൾ മുഖേന ചുവടെ പരാമർശിക്കുന്ന ലക്ഷ്യപ്രകാരം 53000 ടൺ കൊപ്രയെങ്കിലും ഏറ്റവും കുറഞ്ഞത് സംഭരിക്കേണ്ടതാണ്.

| | | |
|---|---|---|
| കേരഫെഡ് | - | 30000 ടൺ |
| മാർക്കറ്റ്ഫെഡ് | - | 20000 ടൺ |
| കൺസ്യൂമർഫെഡ് | - | 3000 ടൺ |

3. മേൽ ലക്ഷ്യത്തിനനുസൃതമായി ജില്ലാ തലത്തിൽ സംഭരിക്കേണ്ട കൊപ്ര യെ സംബന്ധിച്ചുള്ള ലക്ഷ്യം, സഹകരണസംഘം രജിസ്ട്രാർ നിശ്ചയിച്ചു നൽകേണ്ടതാണ്.
4. മില്ലിംഗ് കൊപ്രയ്ക്ക് ക്വിൻറലിന് 4450/- രൂപയും, ഉണ്ട കൊപ്ര(ബാൾ കൊപ്ര)യ്ക്ക് ക്വിൻറലിന് 4700/- രൂപയുമായിരിയ്ക്കും.
5. പ്രാഥമിക സംഘങ്ങൾ/ജില്ലാതല നോഡൽ ഏജൻസികളായ സംഘങ്ങൾ തൊണ്ടോടു കൂടിയ നാളികേരം ശേഖരിക്കേണ്ടതാണ്. അപ്രകാരം ശേഖരിയ്ക്കുന്ന നാളികേരം, സംഘം ചിലവിൽ തൊണ്ട് കളയേണ്ടതും, മകുടത്തോടു(crown)കൂടി

പൊട്ടിക്കാത്ത നാളികേരത്തിന് കിലോയ്ക്ക് 10/- രൂപ നിരക്കിലും, രണ്ടായി പൊട്ടിച്ച നാളികേരത്തിന് കിലോയ്ക്ക് 12/- രൂപ നിരക്കിലും സംഭരിക്കേണ്ടതാണ്.

6. സ്വന്തമായി ഡ്രയർ സംവിധാനമില്ലാത്ത സംഘങ്ങൾ, പൊട്ടിച്ച നാളികേരം സംഭരിക്കേണ്ടതില്ല.

7. കൊപ്ര സംഭരിയ്ക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ, കർഷകർക്ക് പച്ചത്തേങ്ങ/കൊപ്രയുടെ വില സംഭരണവേളയിൽ നൽകേണ്ടതാണ്.

8. കർഷകരിൽ നിന്ന് സഹകരണ സംഘങ്ങൾ സംഭരിയ്ക്കുന്ന പച്ച തേങ്ങ ജില്ലാ തല നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ സംഘത്തിന് കൈമാറേണ്ടതാണ്. ജില്ലാ തല നോഡൽ ഏജൻസിയായ സഹകരണസംഘം സംഭരിയ്ക്കുന്ന പച്ച തേങ്ങ നിലവിലുള്ള ഡ്രയർ സംവിധാനമുപയോഗിച്ചോ, അല്ലാത്തപക്ഷം ഡ്രയർ വാടകയ്ക്കെടുത്തോ കൊപ്രയാക്കി, സംഭരണശാലകളിൽ എത്തിക്കേണ്ടതാണ്.

9. സംസ്ഥാന തല നോഡൽ ഏജൻസികൾക്ക്, പച്ചത്തേങ്ങ നേരിട്ട് സംഭരിക്കാവുന്നതാണ്.

10. കൊപ്രാ സംഭരണത്തിൽ ഏർപ്പെട്ടിട്ടുള്ള സഹകരണസംഘങ്ങൾ അവയുടെ നിലവിലുള്ള പ്രവർത്തനപരിധിയ്ക്ക് പുറത്തുള്ള സമീപപ്രദേശത്ത് മറ്റ് സഹകരണസംഘങ്ങൾ കൊപ്രാ സംഭരണം നടത്തുന്നില്ലെങ്കിൽ, ടി പ്രദേശത്ത് നിന്ന് പച്ചത്തേങ്ങ/കൊപ്രാ സംഭരിക്കാവുന്നതാണ്. സഹകരണസംഘം ജോയിൻറ് രജിസ്ട്രാറുടെ അനുവാദത്തോടുകൂടി ടി പ്രദേശങ്ങളിൽ ആവശ്യമാണെങ്കിൽ സംഭരണ ഡിപ്പോ ആരംഭിക്കാവുന്നതുമാണ്.

11. സഹകരണസംഘങ്ങൾ, കർഷകരിൽ നിന്ന് കൊപ്രാ സംഭരിക്കുമ്പോൾ ടിയാൻ യഥാർത്ഥ കർഷകനാണെന്നുള്ളതിന് തെളിവായി ബന്ധപ്പെട്ട കൃഷി ആഫീസറുടെ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്. എന്നാൽ പച്ച നാളികേരം ശേഖരിക്കുന്നതിന് അത്തരം സർട്ടിഫിക്കറ്റ് ആവശ്യമില്ലാത്തതുമാണ്. പ്രാഥമിക സംഘങ്ങൾ/നോഡൽ ഏജൻസികളിൽ ലഭ്യമാക്കുന്ന പച്ചത്തൊണ്ട്, തൊണ്ട് ഒന്നിന് 40 പൈസ നിരക്കിൽ കയർ ഡയറക്ടറുടെ നിർദ്ദേശാനുസരണം കയർഫെഡും, കയർ ഡയക്ടർ നിർദ്ദേശിക്കുന്ന ഡീഫൈബറിംഗ് മില്ലുകളും സംഭരിക്കേണ്ടതാണ്.

12. സഹകരണസംഘങ്ങൾ മുഖേന ജില്ലാ തലത്തിലുള്ള കൊപ്രാ/നാളികേര സംഭരണത്തിൻെറ പുരോഗതി അവലോകനം ചെയ്യുന്നതിനായി ജില്ലാ തലത്തിലും, സംസ്ഥാനതലത്തിലും ചുവടെ പരാമർശിക്കുന്നവരെ ഉൾപ്പെടുത്തി ജില്ലാതല/സംസ്ഥാനതല മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിയ്ക്കുന്നു.

ജില്ലാതല കമ്മറ്റി

| | | | |
|---|---|---|---|
| 1. | ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് - | | രക്ഷാധികാരി |
| 2. | ജില്ലാ കളക്ടർ | - | ചെയർമാൻ |
| 3. | പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ആഫീസർ | - | അംഗം |
| 4. | 'കേരഫെഡ്' പ്രതിനിധി | - | അംഗം |
| 5. | 'മാർക്കറ്റ്ഫെഡ്' പ്രതിനിധി | - | അംഗം |
| 6. | 'കൺസ്യൂമർഫെഡ്' പ്രതിനിധി | - | അംഗം |
| 7. | ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, വിജിലൻസ് ഡിപ്പാർട്ട്മെൻറ് | - | അംഗം |
| 8. | ജില്ലാ സഹകരണ ബാങ്ക് പ്രസിഡൻറ് | - | അംഗം |
| 9. | ജില്ലാ നോഡൽ ഏജൻസികളുടെ പ്രതിനിധി | - | അംഗം |
| 10. | സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ പ്രതിനിധി | - | അംഗം |
| 11. | കയർ ഡയറക്ടർ നോമിനേറ്റ് ചെയ്യുന്ന പ്രതിനിധി | - | അംഗം |
| 12. | ജോയിൻറ് രജിസ്ട്രാർ(ജനറൽ) | - | കൺവീനർ |

സംസ്ഥാനതല കമ്മറ്റി

| | | | |
|---|---|---|---|
| 1. | സഹകരണ,കയർ വകുപ്പ് മന്ത്രി | - | ചെയർമാൻ |
| 2. | നാഫെഡ് മാനേജിംഗ് ഡയറക്ടർ | - | വൈസ് ചെയർമാൻ |
| 3. | പ്രസിഡൻറ്, കേരഫെഡ് | - | അംഗം |
| 4. | പ്രസിഡൻറ്, മാർക്കറ്റ്ഫെഡ് | - | അംഗം |
| 5. | പ്രസിഡൻറ്, കൺസ്യൂമർഫെഡ് | - | അംഗം |
| 6. | പ്രസിഡൻറ്, കയർഫെഡ് | - | അംഗം |
| 7. | പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി, സഹകരണ വകുപ്പ് | - | അംഗം |
| 8. | ഡയറക്ടർ, വിജിലൻസ് വകുപ്പ് | - | അംഗം |
| 9. | മാനേജിംഗ് ഡയറക്ടർ, വെയർഹൗസിംഗ് കോർപ്പറേഷൻ | - | അംഗം |
| 10. | ഡയറക്ടർ, കയർ വകുപ്പ് | - | അംഗം |
| 11. | ജില്ലാ തലത്തിൽ അംഗീകരിച്ചിട്ടുള്ള നോഡൽ ഏജൻസികളുടെ പ്രസിഡൻറ് | - | അംഗം |
| 12. | സഹകരണസംഘം രജിസ്ട്രാർ | - | കൺവീനർ |

കൊപ്ര/നാളികേര സംഭരണം, കാര്യക്ഷമമായി നടത്തുന്നതിന്, പ്രസ്തുത കമ്മറ്റികളുടെ യോഗം യഥാസമയം ചേരേണ്ടതും, പുരോഗതി വിലയിരുത്തേണ്ടതുമാണ്.

കൊപ്ര/നാളികേരം സംഭരണം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റ്റി. തങ്കപ്പൻ
ഗവൺമെൻറ് സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ,തിരുവനന്തപുരം
സംസ്ഥാനതല/ജില്ലാതല കമ്മറ്റി അംഗങ്ങൾക്ക്(സഹകരണ സംഘം രജിസ്ട്രാർ മുഖേന)
കരുതൽ ഫയൽ/ഓഫീസ് കോപ്പി
സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സഹകരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.
സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ